## ആരോഗ്യവകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

**വിഷയം:-** ആരോഗ്യവകുപ്പ്-ജീവനക്കാര്യം- ശ്രീ.ജെയിംസ്.എസ്, നേഴ്സിംഗ് അസിസ്റ്റന്റിനെ ഹെൽപ്പർ തസ്കയിലേയ്ക്ക് - തസ്തികമാറ്റം വഴി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1.16.8.1966-ലെ (ആർ.റ്റി) നം.2899/66 എച്ച്.എൽ.ഡി സർക്കാർ ഉത്തരവ്.
2.06-11-2017 -ലെ എ2-1623/2017/ നമ്പരായിട്ടുള്ള പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത്.
3.23-11-2017 ലെ എച്ച്.റ്റി 5-52449/2014/ആ.വ.ഡ നംമ്പർ സർക്കുലർ.
4.06.1.2018-ലെ എ2-1623/17/ നംമ്പരായിട്ടുള്ള പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത്.

### ഉത്തരവ് നം. എച്ച്.റ്റി 5-52449/2014/ആ.വ.ഡ തീയതി :19.08.2018

പരാമർശം (2) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലാ സ്റ്റാറ്റിക്ക് വർക്ക് ഷോപ്പിലെ ഹെൽപ്പറായ ശ്രീ.രാജൻ 28.2.2017-ൽ സർവ്വീസിൽ നിന്നു വിരമിച്ചതിനാൽ 1-3-2017 മുതൽ ഹെൽപ്പർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നു എന്ന് റിപ്പോർട്ട് ചെയ്തിരുന്നു.

പരാമർശം രണ്ട് പ്രകാരം പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തുന്നതിലേയ്ക്കായി ആരോഗ്യവുപ്പിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ അപേക്ഷ പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ക്ഷണിച്ചിരുന്നു.

പരാമർശം (4) പ്രകാരം പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ മേലാമുറി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ നേഴ്സിംഗ് അസിസ്റ്റന്റായ ശ്രീ.ജെയിംസ്.എസ് ന്റെ അപേക്ഷ പരിഗണിക്കുന്നതിലേയ്ക്കായി നല്കിയിരുന്നു.

പരാമർശം (1) സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായ അപേക്ഷ ആയതിനാൽ പാലക്കാട് ജില്ലയിലെ മേലാമുറി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ നേഴ്സിംഗ് അസിസ്റ്റന്റായ ശ്രീ.ജയിംസ് .എസ് നെ പാലക്കാട് ജില്ലാ സ്റ്റാറ്റിക്ക് വർക്ക്ഷോപ്പിൽ ഹെൽപ്പർ തസ്തികയിൽ തസ്തിക മാറ്റം വഴി നിയമിച്ച്ക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ് പ്രാഥമികാരോഗ്യകേന്ദ്രം മേലാമുറി ടിയാനെ വിടുതൽ ചെയ്ത്ക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിയ്ക്കേണ്ടതാണ്.

പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസർ ടിയാൻ ഹെൽപ്പർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച വിവരം യഥാക്രമം അറിയിയ്ക്കേണ്ടതാണ്.

ഒപ്പ്/-

**സി.എം. അജയമോഹൻ,**

**സീനിയർഅഡ്മിനിസ്ട്രേറ്റീവ്ആഫീസർ**

സ്വീകർത്താവ്;- ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
പാലക്കാട്.

പകർപ്പ്:-1.ആരോഗ്യ വകുപ്പ് ഡയറക്ടർ/സീനിയർ എ.ഒ
(സി.എ.മുഖേന)

2.മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ്, പ്രാഥമികാരോഗ്യകേന്ദ്രം,
മേലാമുറി, പാലക്കാട് .

3. ശ്രീ.ജയിംസ്.എസ്,
നേഴ്സിംഗ് അസിസ്റ്റന്റ് പ്രാഥമികാരോഗ്യ കേന്ദ്രം,
മേലാമുറി

4.ഫയൽ/സ്റ്റോക്ക് ഫയൽ.

**//അംഗീകാരത്തോടെ//**

//സീനിയർ സൂപ്രണ്ട്//